നമ്പർ 178/2013

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്തുപട്ടക്കാരും, സഹപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
പൗരസ്ത്യ സഭയുടെ ആദ്ധ്യാത്മികത ആരാധനയിൽ അധിഷ്ഠിതമാണ്. മലങ്കര സഭയുടെ സ്വർഗ്ഗീയമായ ആരാധനകളും കൂദാശകളും ഏറ്റവും അനുഗ്രഹപ്രദമായും ഭക്തിപൂർവ്വവും അനുഷ്ഠിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ നമുക്ക് ഏവർക്കും ഉത്തരവാദിത്വമുണ്ട്. എന്നാൽ ഗായകസംഘങ്ങളുള്ള നമ്മുടെ പല ദേവാലയങ്ങളിലും ആരാധന അരോചകമാകത്തക്ക പല പ്രവണതകളും കടന്നുവരുന്നു എന്ന് നിരവധി പരാതികൾ സഭാകേന്ദ്രത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നു. കൂദാശകൾക്ക് നേതൃത്വം നൽകുന്ന പ്രൈവറ്റ് ഗായകസംഘങ്ങളെ സംബന്ധിച്ചും ഏറെ ആക്ഷേപങ്ങൾ ഉയർന്നുവരുന്നുണ്ട്. പ. സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് ഈ വിഷയം ഗൗരവമായി ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ പ. സഭയിലെ ഗായകസംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഈ കൽപനയോടൊപ്പം അയയ്ക്കുന്നു. ആ ഇടവകയിലെ ഗായകസംഘവും അവിടെ കൂദാശകൾക്ക് വരുന്ന പ്രൈവറ്റ് ഗായകസംഘങ്ങളും 'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്' രജിസ്ട്രേഷൻ ഉള്ളവരാണ് എന്നുറപ്പുവരുത്തുവാൻ വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ ആരാധനാ സംഗീത വിദ്യാലയമായ **'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്'** നടത്തുന്ന കോഴ്സ് പഠിച്ച് പാസ്സായിട്ടുള്ളവർക്കും ശ്രുതിയുടെ അംഗീകാരവും രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റും ഉള്ള പ്രൈവറ്റ് ഗായകസംഘങ്ങൾക്കും മാത്രമേ 2014 ജനുവരി മാസം 1-ാം തീയതി മുതൽ പ. സഭയുടെ ദേവാലയങ്ങളിൽ ആരാധനയ്ക്ക് നേതൃത്വം നൽകുന്നതിന് അനുവാദം ഉണ്ടായിരിക്കുകയുള്ളൂ എന്നകാര്യം ഈ കൽപനയിലൂടെ നാം അറിയിക്കുന്നു. അംഗീകാരം കൂടാതെ നിലവിൽ ഗായകസംഘമോ പ്രൈവറ്റ് ക്വയറോ നടത്തുന്നവർക്ക് രജിസ്ട്രേഷന് അവസരം ലഭിക്കുന്നതിന് 2013 ഡിസംബർ മാസത്തിന് മുമ്പായി ശ്രുതി സ്കൂൾ മൂന്ന് ആരാധനാ സംഗീത കോഴ്സുകൾ നടത്തുന്നതാണ്. വിശദ വിവരങ്ങൾക്ക് 'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്' ഡയറക്ടർ ഡോ. എം. പി. ജോർജ്ജ് കത്തനാരുമായി ബന്ധപ്പെടേണ്ടതാണ്. പ. സഭയിലെ ഗായകസംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് നമ്മുടെ 'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കി'നെ നാം ചുമതലപ്പെടുത്തിയിട്ടുള്ള വിവരവും ഏവരെയും അറിയിക്കുന്നു. ഗായകസംഘങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ഓരോ മെത്രാസനത്തിലും ഒരു മോനിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുന്നതാണ്. പ. സഭയുടെ ആരാധനാസംഗീത പാരമ്പര്യവും അതിന്റെ തനിമയും കൂദാശാനുഷ്ഠാനങ്ങളിലെ ജനപങ്കാളിത്തവും ഒട്ടും നഷ്ടമാകാതെ, തികഞ്ഞ ആത്മീയ അച്ചടക്കത്തോടെ നമ്മുടെ ദേവാലയങ്ങളിൽ ആരാധന നടത്തപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാൻ വൈദിക സ്ഥാനികളും, ഗായകസംഘാംഗങ്ങളും, വിശ്വാസികളും ഒരുമിച്ച് പ്രവർത്തിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2013 ജൂലൈ മാസം 08-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ